
JUNE-8 TO JUNE-14

HMYS സ്കൂൾ പത്രം

DIGITAL NEWS PAPER

Vol 2




## കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂളിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകിയ കുടിവെള്ള ടാങ്കിന്റെ ഉദ്ഘാടനം പ്രസിഡണ്ട് ശ്രീമതി കമല സദാനന്ദൻ നിർവഹിച്ചു. (12/06/25)

കൊട്ടുവള്ളിക്കാട് : പറവൂർ ബ്ലോക്ക് പഞ്ചായത്ത് കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർസെക്കന്ററി സ്കൂളിൽ **6.14** ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച **40,000** ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിന്റെ ഉദ്ഘാടനം പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി കമല സദാനന്ദൻ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എസ് സനീഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി സജ്ന സൈമൺ , എച്ച് എം വൈ സഭ പ്രസിഡൻറ് കെ വി ജോഷി, സെക്രട്ടറി എം എ ഹരീഷ് കുമാർ, സ്കൂൾ മാനേജർ എം കെ ദേവദാസൻ മാസ്റ്റർ, പിടിഎ പ്രസിഡണ്ട് രാജീവ് വഞ്ചിപ്പുരക്കൽ, പ്രിൻസിപ്പാൾ കെ ആർ ശ്രീജ ടീച്ചർ, ഹെഡ്മിസ്ട്രസ് ഇ എൻ ബിന്ദു ടീച്ചർ,ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സമിതി സ്റ്റാൻഡിങ് ചെയർപേഴ്സൺ ശ്രീമതി ഗാന അനൂപ് തുടങ്ങിയവർ സംസാരിച്ചു.














കൊട്ടുവള്ളിക്കാട് : എച്ച് എം വൈ എസ് ഹയർസെക്കൻഡറി സ്കൂളിൽ ലോക ബാലവേല വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ ഡിസൈനിങ് - ഡ്രോയിങ് കോമ്പറ്റീഷൻ നടത്തി. (12/06/25)

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ഹൈസ്കൂൾ വിഭാഗം മത്സരങ്ങൾ മിനിടീച്ചർ, ആൻസി ടീച്ചർ എന്നിവരും , യുപി വിഭാഗത്തിൽ ലിമിടീച്ചർ, സോഹ ടീച്ചർ, സ്മിത ടീച്ചർ എന്നിവരും നേതൃത്വം നൽകി.



U P വിഭാഗം - ബാലവേല വിരുദ്ധദിന പോസ്റ്റർ രചന മത്സരം: ഒന്നാം സ്ഥാനം - ആരാധ്യ ഫ്രാൻസിസ് 6 C






U P വിഭാഗം ബാലവേലവിരുദ്ധ ദിന പോസ്റ്റർ രചന : രണ്ടാം സ്ഥാനം : ലക്ഷ്മി P S - 7 B






ബാലവേല വിരുദ്ധ ദിന പോസ്റ്റർ രചന മത്സരം (ഹൈസ്കൂൾ വിഭാഗം) ഒന്നാം സ്ഥാനം : മീര കെ എസ് (8 C)






ഹൈസ്കൂൾ വിഭാഗം പരിസ്ഥിതി ദിന പോസ്റ്റർ രചന മത്സര വിജയി : തീർത്ഥ ലക്ഷ്മി M V (9 – B)




## പരിസ്ഥിതിദിന ക്വിസ് മത്സരം: വിജയികൾ

(യു പി വിഭാഗം)

(ഹൈസ്കൂൾ വിഭാഗം)







തേജസ്വിനി 6 C

അലെസ്സിയോ ആൻറണി



# കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർസെക്കന്ററി സ്കൂൾ :- പത്രത്താളുകളിലൂടെ

സിടി സ്കൂളിലെ പ്രവേശനോത്സവം ഉദ്ഘാടനംചെയ്യുന്നു

സ്കൂൾ പ്രവേശനോത്സവം ശ്രീനാരായണ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ. ഇന്ദിരാകുമാരി ഉദ്ഘാടനം ചെയ്യുന്നു



കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ് ഹയർ സെക്കൻഡറി സ്കൂൾ പ്രവേശനോത്സവം കോട്ടപ്പുറം രൂപത മെത്രാൻ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്യുന്നു

യുള്ളവർ ചടങ്ങിൽ പങ്കെടുത്തു







പറവൂർ മാതൃഭൂമി സ്റ്റഡി സർക്കിളിന്റെ പരിസ്ഥിതി ദിനാചരണം ഗവ. എൽപിജി സ്കൂളിൽ പ്രധാനാധ്യാപിക പി.ജെ. ബേബിയ്ക്ക് വൃക്ഷത്തൈ നൽകി നഗരസഭാ വൈസ് ചെയർമാൻ എം.ജെ. രാജു ഉദ്ഘാടനം ചെയ്യുന്നു. ബി. അനിൽകുമാർ അധ്യക്ഷത വഹിച്ചു. എം.എസ്. രാജേഷ്, സോമൻ മാധവൻ, എസ്. ശ്രീകാർത്തിക്, ബി. മനോജ്കുമാർ, കെ.പി. തോമസ് എന്നിവർ സംസാരിച്ചു

കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പരിസ്ഥിതി ദിനാചരണം വടക്കേക്കര എസ്ഐ കെ.ആർ. ബിജു ഉദ്ഘാടനം ചെയ്യുന്നു

## കൊട്ടുവള്ളിക്കാട് സ്കൂളിൽ ശുദ്ധജല ടാങ്ക് ഉദ്ഘാടനം

പറവൂർ ● കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ് ഹയർ സെക്കൻഡറി സ്കൂളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമിച്ചു നൽകിയ ശുദ്ധജല ടാങ്ക് പ്രസിഡന്റ് കമല സദാനന്ദൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.എസ്.സനീഷ് അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷ ഗാന അനൂപ്, അംഗം സജ്ന സൈമൺ, എച്ച്എംവൈ സഭ പ്രസിഡന്റ് കെ.വി.ജോഷി, സെക്രട്ടറി എം.എ.ഹരീഷ് കുമാർ, സ്കൂൾ മാനേജർ എം.കെ.ദേവദാസൻ, പിടിഎ പ്രസിഡന്റ് രാജീവ് വഞ്ചിപുരക്കൽ, പ്രിൻസിപ്പൽ കെ.ആർ.ശ്രീജ, പ്രധാനാധ്യാപിക ഇ.എൻ.ബിന്ദു തുടങ്ങിയവർ പ്രസംഗിച്ചു.



കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ് ഹയർസെക്കൻഡറി സ്കൂളിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് നിർമിച്ചു നൽകിയ ശുദ്ധജലടാങ്ക് പ്രസിഡന്റ് കമല സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.





# അറിയിപ്പുകൾ

## സ്കൂൾ സമയം പുനഃ ക്രമീകരിച്ചു.



രക്ഷാകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പ്രത്യേകശ്രദ്ധയ്ക്ക്

ഈ ആഴ്ച മുതൽ ഗവണ്മെന്റ് നിർദേശപ്രകാരം സ്കൂൾ പ്രവർത്തനസമയം അര മണിക്കൂർ കൂടുതൽ

ആയിരിക്കും. രാവിലെ 9:30 മുതൽ വൈകുന്നേരം 4 മണി വരെ.

സ്കൂൾ ബസ് സമയം അതിനനുസരിച്ചു വൈകുന്നേരം 30 മിനിറ്റ് വ്യത്യാസം ഉണ്ടായിരിക്കും.

വായന ദിനാചരണവും - വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും ജൂൺ 19 വ്യാഴാഴ്ച സ്കൂൾ ഹാളിൽ നടത്തുന്നതാണ്.

June19 വായനാദിനാ ചാരണത്തോട് അനുബന്ധിച്ച് ഈ മാസം വിവിധ മത്സരങ്ങൾ നടത്തുന്നതായിരിക്കും


**എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ശ്രദ്ധയ്ക്ക് :-**

സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് 2025 - 28 ബാച്ചിലേക്കുള്ള അപേക്ഷകൾ ജൂൺ 17 മുതൽ 19 വരെ സ്വീകരിക്കും.

SPC, NCC എന്നിവയുടെ എഴുത്തുപരീക്ഷ, പ്രാക്ടിക്കൽ പരീക്ഷ എന്നിവ ഈ ആഴ്ച നടത്തുന്നതായിരിക്കും.

ഈ വർഷത്തെ **പ്ലസ് വൺ പ്രവേശനോത്സവം 'വരവേൽപ്പ്' - 2025** ജൂൺ 18 ബുധനാഴ്ച നടക്കും.

അന്താരാഷ്ട്ര യോഗ ദിനവുമായി ബന്ധപ്പെട്ട് ജൂൺ 21 ശനിയാഴ്ച വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യോഗ ദിനാചരണവും ബോധവൽക്കരണ ക്ലാസുകളും ഉണ്ടായിരിക്കും.




**അധിക പ്രവൃത്തി ദിവസങ്ങൾ ആയിട്ടുള്ള ശനിയാഴ്ചകൾ - ഉത്തരവിറങ്ങി..**

- ജൂലൈ 26 (UP, HS)
- ആഗസ്ത് 16 (HS)
- ഒക്ടോബർ 4 (HS)
- ഒക്ടോബർ 25 (UP, HS)
- ജനുവരി 3 (HS)
- ജനുവരി 31 (HS)

(1 മുതൽ 4 വരെ ക്ലാസ്സുകൾക്ക് ശനിയാഴ്ചകൾ അധിക പ്രവൃത്തി ദിവസങ്ങളായി ഇല്ല.)

# Co-curricular Activities








FOOTBALL PRACTICE





VOLLEYBALL PRACTICE



BALL BADMINTON PRACTICE



# ആദികൃഷ്ണയ്ക്ക് അഭിനന്ദനങ്ങൾ

**ഉസ്ബക്കിസ്ഥാനിൽ നടന്ന അണ്ടർ 19 സെൻട്രൽ ഏഷ്യ വോളിബോൾ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ ടീമിന്റെ അഭിമാന താരം - ഇന്ത്യൻ ടീമിലെ ഏക മലയാളി കുട്ടിയായ കൊട്ടുവള്ളിക്കാടിന്റെ ആദികൃഷ്ണയ്ക്ക് ഒരായിരം അഭിനന്ദനങ്ങൾ**










മലയാള മനോരമ EP CHN | www.manoramaonline.com/news | 2025 ജൂൺ 10 ചൊവ്വ

**Congratulations !**

**ഇന്ത്യൻ ടീമിൽ ആദികൃഷ്ണയും**

പറവൂർ • ഇന്നു മുതൽ 16 വരെ ഉസ്ബെക്കിസ്ഥാനിൽ നടക്കുന്ന 'കാവ' - അണ്ടർ 19 വോളിബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിൽ വാവക്കാട് സ്വദേശി ആദികൃഷ്ണയും .

നെടിയാറ ജീമോന്റെയും പാർവതിയുടെയും മകനാണ്. കോട്ടയം വടവാതൂർ ഗിരിദീപം സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിയാണ് ആദി കൃഷ്ണ. ഇന്ത്യൻ ടീമിലെ ഏക മലയാളിയാണ് . 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നാണു വോളിബോൾ പരിശീലനം ആരംഭിച്ചത്. 3 വർഷം മൂത്തകുന്നം വോളിബോൾ അക്കാദമിയുടെ താരമായിരുന്നു.

സ്പോർട്സ് കൗൺസിലിന്റെ സിലക്ഷൻ ലഭിച്ചതിനെത്തുടർന്നാണു ഗിരിദീപം സ്കൂളിലെത്തിയത്. സഹോദരൻ അങ്കിത് കൃഷ്ണയും വോളിബോൾ താരമാണ്.